മെന്നും കേന്ദ്ര സർക്കാരിനോട് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനുകൂലമായ മറുപടി ലഭിച്ചിട്ടില്ല.

29 (*29) മുല്ലപ്പെരിയാർ അണക്കെട്ടു സംബന്ധിച്ച തർക്കം

ശ്രീ. പി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടുസംബന്ധിച്ച തർക്കം പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മുല്ലപ്പെരിയാർ സംബന്ധിച്ച് തർക്കം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് കേന്ദ്രസർക്കാർ വിദഗ്ദ്ധസമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ;

(ഡി) വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാന ഗവൺമെന്റുമായി ചർച്ച വല്ലതും നടത്തിയിട്ടുണ്ടോ;

(ഇ) കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട് സംസ്ഥാനത്തിന്റെ താത്പര്യത്തിനെതിരാണോ;

(എഫ്) എങ്കിൽ സംസ്ഥാനത്തിന്റെ താൽപര്യത്തിനെതിരായ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിന് സുപ്രീംകോടതി നിർദ്ദേശത്തിന് വിരുദ്ധമായാണ് കേന്ദ്രഗവൺമെന്റ് വിദഗ്ദ്ധസമിതിയെ നിശ്ചയിച്ചതെന്നറിയുന്നത് ശരിയാണോ; വിദഗ്ദ്ധസമിതിയെ നിശ്ചയിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരുമായി കേന്ദ്രസർക്കാർ ചർച്ചചെയ്തിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഐ) നൂറിലേറെ വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉറപ്പുപരിശോധിക്കാൻ യന്ത്ര സജ്ജീകൃത പരിശോധന നടത്തണമെന്നും അത് കേന്ദ്രവിദഗ്ദ്ധസമിതിയുടെ പ്രവർത്തനവിഷയങ്ങളിൽ ഉൾപ്പെടുത്തണം എന്നുള്ള സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിച്ചു നടപ്പിലാക്കിയിട്ടുണ്ടോ;

(ജെ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉയരം കൂട്ടുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ള വിദഗ്ദ്ധ ഉപദേശം എന്താണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്.

(സി) പ്രസ്തുത സമിതി കേന്ദ്രസർക്കാരിന് ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും കേന്ദ്രം അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള റിപ്പോർട്ട് സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തിരിക്കുകയാണ്. കോടതിയുടെ പരിഗണനയിലാണ് ഈ റിപ്പോർട്ടെന്നതിനാൽ ഉള്ളടക്കം ഇപ്പോൾ വെളിപ്പെടുത്തുന്നത് ഉചിതമായിരിക്കില്ല.

(ഡി) ഇല്ല.

(ഇ) സംസ്ഥാന താൽപര്യത്തിന് അനുകൂലമല്ലാത്ത പല നിഗമനങ്ങളും/നിർദ്ദേശങ്ങളും വിദഗ്ദ്ധസമിതിയുടെ ഇടക്കാല റിപ്പോർട്ടിലുണ്ട്. ഇതിന്മേൽ കേരളത്തിന്റെ വിയോജിപ്പ്/ എതിർപ്പ് വ്യക്തമാക്കുന്ന വിയോജനക്കുറിപ്പും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) വിദഗ്ദ്ധസമിതി കേന്ദ്രജലവിഭവമന്ത്രാലയത്തിന് നൽകിയ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം ഒരു റിപ്പോർട്ട് സുപ്രീം കോടതിയിൽ സമർപ്പിച്ചിരിക്കയാണ്. ഇതിൻമേൽ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം അറിയിക്കാൻ കോടതി അവസരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ സത്യവാങ്മൂലം സമർപ്പിക്കാൻ എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. മുല്ലപ്പെരിയാറിന്റെ ബലം സംബന്ധിച്ച ഭീഷണി, വനം-വന്യജീവി ആവാസ പ്രശ്നങ്ങൾ, പരിസ്ഥിതി അസന്തുലിതാവസ്ഥ, ആദിവാസികളടക്കമുള്ള ജനങ്ങളുടെ കുടിയിറക്ക് അടക്കമുള്ള പ്രശ്നങ്ങൾ ഈ സ്റ്റേറ്റുമെന്റിൽ ഉൾപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

(ജി,എച്ച്) വിദഗ്ദ്ധസമിതി രൂപീകരിക്കണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടില്ല. രണ്ട് സംസ്ഥാനങ്ങളും ചർച്ച നടത്തി സമവായത്തിലെത്തണമെന്ന നിർദ്ദേശമാണ് കോടതി വച്ചത്. തദനുസരണം 5-4-2000-ൽ തിരുവനന്തപുരത്തു നടന്ന മുഖ്യമന്ത്രിതല ചർച്ച പരാജയപ്പെട്ടതിനെത്തുടർന്ന് കോടതി താൽപര്യപ്പെട്ടപ്രകാരം കേന്ദ്രജലവിഭവമന്ത്രാലയം ഇരു മുഖ്യമന്ത്രിമാരെയും ചർച്ചയ്ക്ക് വിളിച്ചു. ഈ യോഗത്തിന്റെ തീരുമാനമായിരുന്നു വിദഗ്ദ്ധസമിതി രൂപീകരണം. ഇരു സംസ്ഥാനങ്ങളുമായി ആലോചിച്ച് വിദഗ്ദ്ധസമിതി രൂപീകരിക്കൂ എന്ന് കേന്ദ്രം നൽകിയ ഉറപ്പ് പാലിച്ചിട്ടില്ല. ഇതിൽ കേരളത്തിനുള്ള പ്രതിഷേധം ശക്തമായ ഭാഷയിൽ കേന്ദ്ര ജലവിഭവ മന്ത്രാലയത്തെ പലതവണ അറിയിക്കുകയുണ്ടായി.

(ഐ) കേന്ദ്ര വിദഗ്ദ്ധസമിതി മുല്ലപ്പെരിയാർ പ്രധാന ഡാമും ബേബി ഡാമും പരിശോധന നടത്തിയശേഷം ബേബി ഡാമിന്റെ ബലം സംബന്ധിച്ച് പ്രത്യേക ടെസ്റ്റുകൾ കേന്ദ്ര സോയിൽ ആന്റ് മെറ്റീരിയൽസ് സ്റ്റേഷൻ മുഖേന നടത്താൻ തീരുമാനിക്കുകയായിരുന്നു. ഈ പ്രത്യേക ടെസ്റ്റുകൾ ബേബിഡാമിൽ മാത്രം ചെയ്താൽ പോര പ്രധാന ഡാമിലും ചെയ്യേണ്ടതാണെന്ന് സി.എസ്.എം. ആർ.എസ്. ടീമിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നെങ്കിലും കേന്ദ്രജലവിഭവമന്ത്രാലയത്തിന്റെ നിർദ്ദേശം ഇക്കാര്യത്തിൽ ലഭിച്ചിട്ടില്ലാത്തതിനാൽ

---

* അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ ടെസ്റ്റുകൾക്കൊപ്പം പ്രധാന ഡാമിൽ ടെസ്റ്റുകൾ നടത്താനാകില്ലെന്ന് ടിം അറിയിക്കുകയാണുണ്ടായത്.

(ജെ) മുല്ലപ്പെരിയാർ ഡാമിന്റെ കാലപ്പഴക്കവും ശക്തിപ്പെടുത്തൽ ജോലികൾ ചെയ്തശേഷമുള്ള ഡാമിന്റെ ബലം തിട്ടപ്പെടുത്താൻ ഡാമിൽ സ്ഥാപിച്ച ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലാത്തതും ബലപ്പെടുത്തൽ ജോലികളുടെ വിശ്വാസ്യത തിട്ടപ്പെടുത്താൻ മാർഗ്ഗമില്ലാത്തതും പരിഗണിച്ച് ജല നിരപ്പ് ഒരു കാരണവശാലും 136 അടിയിൽ നിന്ന് ഉയർത്താൻ അനുവദിക്കരുതെന്നാണ് സർക്കാരിന് ലഭിച്ച വിദഗ്ദ്ധോപദേശം.

30 (*30) സമ്പൂർണ്ണ മദ്യനിരോധനം

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :

ശ്രീ. പി. കെ.കെ. ബാവ :

ശ്രീ. നാലകത്ത് സൂപ്പി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് തീരുമാനമെടുത്തു;

(സി) സംസ്ഥാനത്തെ ഏതെല്ലാം സംഘടനകളാണ് സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) വ്യാജമദ്യദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ പോലീസ്, എക്സൈസ് വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പ്രലോഭനങ്ങൾക്ക് വഴങ്ങി നിയമത്തിൽ പഴുതുകളുണ്ടാക്കാതിരിക്കാനും വേണ്ടി നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) കേരള മദ്യനിരോധന സമിതി, കേരള കത്തോലിക്കാ മദ്യവിരുദ്ധ സമിതി, മദ്യവിരുദ്ധ ജനകീയ മുന്നണി, സംസ്ഥാനമദ്യനിരോധന സമിതി, കേരള ദേശീയവേദി, പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് (പി. യു.സി.എൽ), സേവാദൾ (കോൺഗ്രസ് (ഐ)), ദേശീയ വിചാരണവേദി (കോൺഗ്രസ്-ഐ), കേരള കാത്തലിക് യൂത്ത് മൂവ്മെന്റ്, കേരളാ മദ്യവിരുദ്ധ സമിതി, ജമാഅത്ത് ഇസ്ലാമി, മുജാഹിദ് പ്രസ്ഥാനം, ശ്രീനാരായണസാംസ്കാരികസമിതി (കെ.കെ.രാമൻ വിഭാഗം), കെ.സി.വി.സി. മദ്യനിരോധന സമിതി, മദ്യവർജ്ജന സമിതി, ലഹരി വിരുദ്ധ സമിതി, കേരളസർവോദയസംഘം, സിമി (എസ്.ഐ.എം.ഐ) സ്റ്റുഡന്റ്സ് ഇസ്ലാമിക് ഓർഗനൈസേഷൻ, ഇസ്ലാമിക് സ്റ്റുഡന്റ്സ് മൂവ്മെന്റ്, ജമാഅത്ത്-ഇ-ഹിന്ദ് തുടങ്ങിയ സംഘടനകൾ.

(ഡി) വ്യാജമദ്യ കച്ചവടവും വ്യാജവാറ്റും തടയുന്നതിന് പോലീസ്, എക്സൈസ് റവന്യു ഉദ്യോഗസ്ഥർ ചേർന്നുള്ള ശക്തമായ റെയിഡുകൾ നടത്തിവരുന്നു. കള്ളുഷാപ്പുകളിലും വിദേശ മദ്യഷാപ്പുകളിലും റെയിഡുകൾ നടത്തി സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുന്നു. കുറ്റക്കാർക്കെതിരെ അബ്കാരി നിയമം അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

18.12.2000-ലെ നക്ഷത്രചിഹ്നമിട്ട 29 (*29-ാം) നമ്പർ ചോദ്യം ദയവായി കാണുക.

മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഉയർത്തുന്ന പ്രശ്നത്തിന്മേൽ കേരള-തമിഴ്നാട് ഹൈക്കോടതികളിൽ നിലവിലുള്ള കേസുകൾ സുപ്രീം കോടതിയിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സർക്കാരും മുൻ എം.പി. ഡോ.സുബ്രഹ്മണ്യൻ സ്വാമിയും ഫയൽ ചെയ്ത ട്രാൻസ്ഫർ പെറ്റീഷനുകൾ എതിർത്തുകൊണ്ടും സുപ്രീം കോടതിയുടെ പരിധിയിൽ അന്തർസംസ്ഥാന നദീജല പ്രശ്നങ്ങൾ വരുന്നില്ല എന്ന് കാണിച്ചും സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തു. ഇക്കാര്യത്തിൽ ഇരു സംസ്ഥാനങ്ങളും സമവായത്തിലെത്തണമെന്ന കോടതിയുടെ നിർദ്ദേശം പരിഗണിച്ച് മുഖ്യമന്ത്രിതല ചർച്ചയ്ക്ക് കേരളം മുൻകൈയെടുക്കുകയും 05.04.2000-ൽ തിരുവനന്തപുരത്തുവച്ച് അന്തർസംസ്ഥാന മുഖ്യമന്ത്രിതല ചർച്ച നടത്തുകയും ചെയ്തു. ഈ ചർച്ച തീർപ്പാകാതെ പിരിഞ്ഞു. തുടർന്ന് കേന്ദ്രജലവിഭവ മന്ത്രി വിളിച്ച യോഗത്തിൽ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും പങ്കെടുത്തു. തുടർന്ന് രൂപീകൃതമായ വിദഗ്ദ സമിതിയുടെ ഘടനയും പരിശോധനാവിഷയവും കേരള താൽപര്യത്തിന് എതിരാണെന്ന് കണ്ട് ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ എതിർപ്പ് കേന്ദ്രജലവിഭവ മന്ത്രാലയത്തെ സമയാസമയം അറിയിക്കുകയുണ്ടായി. സുപ്രീം കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ വിയോജിപ്പുകൾക്ക് വിധേയമായി മാത്രമാണ് കേരളത്തിന്റെ പ്രതിനിധിയെ വിദഗ്ദ സമിതിയിൽ ഉൾപ്പെടുത്താൻ കേരളം തയ്യാറായത്. തുടർന്നുള്ള വിദഗ്ദ സമിതിയുടെ പ്രവർത്തനങ്ങളിൽ സഹകരിച്ചുകൊണ്ട് കേരളത്തിന്റെ വാദഗതികൾ സമിതി മുമ്പാകെ വ്യക്തവും വസ്തുനിഷ്ഠവുമായി അവതരിപ്പിക്കാൻ സംസ്ഥാനത്തിന്റെ പ്രതിനിധിക്ക് കഴിഞ്ഞിട്ടുണ്ട്. സുപ്രീം കോടതിയിലെ കേസ് കൈകാര്യം ചെയ്യുന്നതിന് മേൽനോട്ടം വഹിക്കുന്നതിനും വേണ്ടവിധം കൈകാര്യം ചെയ്യുന്നതിനും ഒരു ക്യാബിനറ്റ് സബ്കമ്മിറ്റി രൂപീകരിച്ചു. ഈ ക്യാബിനറ്റ് സബ്കമ്മിറ്റിയുടെ തീരുമാനപ്രകാരം സുപ്രീംകോടതിയിലെ കേസ് കൈകാര്യം ചെയ്യാൻ ശ്രീ. അശോക് ദേശായിക്ക് പുറമേ ശ്രീ. അന്ത്യാർജ്ജുന, ശ്രീ. രാജീവ് ധവാൻ എന്നീ സീനിയർ അഡ്വക്കേറ്റുമാരെക്കൂടി നിയോഗിച്ചു.

മുല്ലപ്പെരിയാർ ജലവിതാനം ഉയർത്തുന്നതുമൂലം ഉണ്ടായേക്കാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ, വന്യജീവി ആവാസ വ്യവസ്ഥയിലെ മാറ്റങ്ങൾ, ആദിവാസികൾ അടക്കമുള്ള സെറ്റിൽമെന്റുകളുടെ മാറ്റിപ്പാർപ്പിക്കൽ എന്നിവയെല്ലാം പരിഗണിച്ച് വിശദമായ സത്യവാങ്മൂലം സമർപ്പിക്കാൻ ആവശ്യമായ നടപടികളും എടുത്തുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly